# Digi Zine

Digital Magazine 2023-24

KPRGS GHSS KALLIASSERI

# കെ പി ആർ ജി എസ് ജി എച്ച് എസ് എസ് കല്ല്യാശ്ശേരി



**റവന്യൂ ജില്ല**

കണ്ണൂർ

**വിദ്യാഭ്യാസ ജില്ല**

കണ്ണൂർ


**ഉപജില്ല**

പാപ്പിനിശ്ശേരി

**പ്രധാന അധ്യാപിക**

മൈത്രി കെ പി

1957 ൽ ഹൈസ്കൂളായി മാറിയ കേരളസർക്കാർ വക ഒരു എലിമെൻറി സ്കൂളായിട്ടാണ് വിദ്യാലയം ആരംഭിക്കുന്നത്. കെ.എൻ.കുഞ്ഞമ്മൻ നായർ ആയിരുന്നു ആദ്യത്തെ പ്രധാനാധ്യാപകൻ. 1983 ൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി മാറി. 1997 ലാണ് ഹയർ സെക്കൻററി വിഭാഗം പ്രവർത്തനം ആരംഭിച്ചത്. സ്കൂളിൻറ നാമധേയം സ്വാതന്ത്യസമര സേനാനി കെ.പി.ആർ ഗോപാലന്റെ സ്മരണ നിലനിർത്തി.  ഈ സ്കൂളിന്റെ ആദ്യത്തെ പി.ടി.എ.പ്രസിഡണ്ടായിരുന്നു കെ.പി.ആർ ഗോപാലൻ. വിദ്യാലയ വികസനത്തിന് ജനകീയ കൂട്ടായ്മ എന്നത് കല്ല്യാശേരിയുടെ എക്കാലത്തേയും പൊതുബോധത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും ഭാഗമാണ്. കെട്ടിടത്തിന്റെ ശോച്യാവസ്ഥ മൂലം വിദ്യാലയത്തിന്റെ അംഗീകാരം നഷ്ടപ്പെട്ടപ്പോൾ കെ. പി ആറിന്റെ നേതൃത്വത്തിൽ കണ്ണൂരിലേക്ക് നടന്ന ബഹുജന മാർച്ചിലൂടെയാണ് അതിന്റെ അംഗീകാരം തിരിച്ചുപിടിക്കാൻ സാധിച്ചത്.




പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂൾ ഹൈടെക് ക്ലാസ് മുറികളും ഐസിടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ എല്ലാ സ്കൂളുകളിലും ആരംഭിച്ചത്. ഹൈടെക് സ്കൂളുകളിൽ സാങ്കേതികവിദ്യ ഉപകരണങ്ങൾ കൂടുതൽ ലഭ്യമായതോടെ അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും അവ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനും കുട്ടികൾക്ക് കൂടി പരിശീലനങ്ങൾ ലഭിച്ചു. ഇന്ന് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിവരസാങ്കേതികവിദ്യ നല്ല രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു. നമ്മുടെ സ്കൂളിലും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഉണ്ട് .ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .കുട്ടികളുടെ സർഗാത്മക കഴിവുകൾ ഇനിയും ഉയരത്തിൽ എത്തട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

പ്രധാനാധ്യാപിക

മൈത്രി കെപി



സ്മാർട്ട് ഫോണും, ഇൻ്ററർനെറ്റും ലോക വ്യാപകമായ
ഈ കാലഘട്ടത്തിൽ വായന എളുപ്പവും,
രസകരവുമാക്കാൻ നമ്മുടെ ഡിജിറ്റൽ മാഗസീനു
കഴിയട്ടെ. എല്ലാ വിധ ആശംസകളും നേരുന്നു.....

പ്രിൻസിപ്പാൾ

ഡോ. ചിത്രലേഖ കെ കെ

# എഡിറ്റോറിയൽ പേജ്



ആർദ്ര പ്രമോദ് (ചീഫ് എഡിറ്റർ)

ഈ അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾ തങ്ങളുടെ കൊച്ചു കൊച്ചു അനുഭവങ്ങളിലൂടെ കൈവരിച്ച ആഹ്ലാദവും, ആവിശ്വസനീയതകളും അനുഭൂതികളും വിവിധ സാഹിത്യാഭിരുചിയിലൂടെ നിങ്ങളുടെ സമക്ഷം പങ്കു വെക്കുകയാണ്... എഴുത്തുകൾ ഭൗതികലോകത്തിന്റെ വൈവിധ്യതകളെ പ്രകാശിപ്പിക്കുകയും അകം ലോകത്തിൽ തിരിച്ചറിവുകളുടെ ഘനികൾ നിർമ്മിക്കുകയും ചെയ്യും. ഇതിലെ എഴുത്തുകൾ, നമ്മുടെ കൊച്ചു കലാകാരന്മാരുടെ മനസിനകത്തുണ്ടാക്കിയ മൗനങ്ങളും ആരവങ്ങളും ഭാവിയിൽ അവരുടെ ജീവിതത്തിലും ചുറ്റുപാടുകളിലും ഉണ്ടാക്കുന്ന ജീവിതാഭിനിവേശത്തിന്റെയും ഊർജത്തിന്റെയും പ്രഖ്യാപനങ്ങൾ ആണ്....



Jashwin



Aniketh



Sandra



Avanthika



Thamanna



Sreelakshmi Prasad



Sreenanda



Mridul



Janis



Arpith

## ചരിത്രങ്ങളിലൂടെ......


**കേ**രളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ മികച്ച സംഭാവനകൾ നൽകിയ ഒരു പ്രദേശമാണ് കല്ല്യാശ്ശേരി. ദേശീയ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഈ ഗ്രാമം വഹിച്ചപങ്ക് ശ്രദ്ധേയമാണ്. മൊറാഴ സംഭവം കല്ല്യാശ്ശേരിയുടെ എക്കാലത്തേയും ഊഷ്മളമായ വിപ്ലവബോധം ഓർമ്മപ്പെടുത്തുന്നതാണ്. ഹരിജനോദ്ധാരണത്തിന് ധീരത കാട്ടിയ യുവത്വം കല്യാശ്ശേരിയുടെ ചരിത്രത്തിലെ കരുത്തുറ്റ ഒരേടാണ്. മഹാനായ വിപ്ലകാരിയും ധീര ദേശാഭിമാനിയുമായ ശ്രീ. കെ.പി.ആർ ഗോപാലന്റെ ജന്മം കൊണ്ട് പവിത്രമാണ് ഈ പ്രദേശം. കേരളത്തിന്റെ പ്രിയങ്കരനായ മുൻമുഖ്യമന്ത്രി ഇ.കെ. നായനാരും കല്ല്യാശ്ശേരിയുടെ സ്വന്തമാണ്. ശ്രീ.കെ.പി.ആർ രയരപ്പൻ.  കെ.വി. നാരായണൻ നമ്പ്യാർ, എം. പി. നാരാണൻ നമ്പ്യാർ, കെ.ടി. കുഞ്ഞിരാമൻ നമ്പ്യാർ, വിദ്യാഭ്യാസ പ്രവർത്തകനും ഭിഷഗ്വരനുമായ ശ്രീകുഞ്ഞികൃഷ്ണൻ നമ്പ്യാർ, സ്പോർട്സ് ലേഖകൻ ശ്രീ. കെ.പി.ആർ കൃഷ്ണൻ അഭിഭാഷകനും കർണ്ണാടക സംഗീതജ്ഞനുമായ ഏറമ്പാല കുഞ്ഞിരാമൻ നായനാർ, പൂരക്കളി വിദ്വാൻ ഗോവിന്ദൻ പണിക്കർ തുടങ്ങി രാഷ്ട്രീയ സാംസ്കാരിക മേഖലകൾ സമ്പന്നമാക്കിയവർ നിരവധിയാണ്.ഇന്ത്യൻ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ പിതാവ് ശ്രീ. കെ.പി.പി നമ്പ്യാരും കല്ല്യാശ്ശേരിയുടെ സ്വന്തമാണ്. കല്ല്യാശ്ശേരി യുവത്വം സ്വാതന്ത്ര്യ സമരസേനാനികളും വിപ്ലവകാരികളുമായി മാറിയപ്പോഴും അത്ഭുതപ്പെടാത്ത ഗ്രാമ മനസ്സ് നാടിന്റെ കരളുറപ്പിന്റെ പ്രതീകമാണ്.ശ്രീ. കെ.പി. ആറിന്റെ നാമധേയത്തിൽ അറിയപ്പെടുന്നഈ വിദ്യാലയം നാടിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ വഹിച്ചപങ്ക് വലുതാണ്. ശ്രീ. കെ.പി. ആർ തന്നെ ഈ വിദ്യാലയത്തിന്റെ പി.ടി.എ പ്രസിഡണ്ടായി വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. 1927–ൽ ഹരിജൻ കുട്ടികൾക്ക് ഈ സ്കൂളിൽ പ്രവേശനം നേടി കൊടുക്കാൻ കെ.പി.ആർ ഗോപാലനും മറ്റു സാമൂഹ്യ പ്രവർത്തകരും പ്രവർത്തിച്ചിരുന്നു എന്നത് വിദ്യാലയ ചരിത്രത്തിലെ ഏറ്റവും പ്രധാനമായ ഒരേടാണ്.



ചരിത്ര ബിന്ദുക്കളായ മണ്ണു പോലും ഊർജ്ജദായകമാണെന്ന പൊതുബോധംവിദ്യാലയത്തിന്റെ ഭാവി ചരിത്രനിർമ്മാണ വേളയിൽ ഓർമ്മിക്കപ്പെടേണ്ടതുണ്ട്. അതുപോലെ ഈവിദ്യാലയവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന സംഭവം ഇവിടെ സ്മരിക്കുകയാണ്.ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം സമഗ്രമായി ഉയർത്താൻ അന്നത്തെ ജില്ലാകൗൺസിൽ ഗ്രാമപഞ്ചായത്ത്, ഡയറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 1993–ൽ തുടങ്ങിയ ഇന്ത്യയിലെ ആദ്യത്തെ സ്കൂൾ കോംപ്ലക്സ് കല്ല്യാശ്ശേരി ഹൈസ്കൂൾ കേന്ദ്രീകരിച്ച് ആരംഭിക്കുകയുണ്ടായി. കല്ല്യാശ്ശേരി മോഡൽ എന്നത് പ്രസിദ്ധമാണ്.  1996–ൽ നടപ്പിലാക്കിയ കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കര ണത്തിന് ഈ അനുഭവങ്ങൾ അടിത്തറയായിട്ടുണ്ട്.1924 ൽ മലബാർ ഡിസ്ട്രിക്ട്ബോർഡിന്റെ കീഴിൽ ഹയർഎലിമെന്ററി സ്കൂൾ

ആയാണ്ഈ വിദ്യാലയംപ്രവർത്തനംആരംഭിച്ചത്. വിദ്യാലയത്തിന്റെ സ്ഥാപക പ്രവർത്തകരിൽ ശ്രീ. പി.ടി ഭാസ്കരപണിക്ക രുടെ പേര് എടുത്തു പറയേ ണ്ടതാണ്.1957 ൽ ഇത് ഹൈസ്കൂളായിമാറി 1988–89 ൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗ വും 1997ൽ ഹയർ സെക്ക ണ്ടറി വിഭാഗവും നിലവിൽ വന്നു. ഇന്ന് വിദ്യാലയത്തിൽ യു.പി., ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗ ങ്ങളിലായി 1600ൽ പരം കുട്ടികൾ പഠിക്കുന്നുണ്ട്. 90–ഓളം അധ്യാപക – അനധ്യാപക ജീവനക്കാർ ഈ വിദ്യാലയത്തിൽ സേവന മനുഷ്ഠിക്കുന്നുണ്ട്. അക്കാദമിക രംഗത്തും കലാകായികശാസ്ത്രമേഖലകളിലും മികച്ച നേട്ടങ്ങ ൾകൈവരിക്കാൻനമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ സാംസ്കാരിക, കായിക മേഖലകളിലും ഔദ്യോഗിക രംഗത്തും നിരവധി പ്രതിഭ കളെ വാർത്തെടുക്കാൻഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ അന്തർ ദേശീയ തലങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുത്ത് തിളക്കമാർന്ന വിജയംകരസ്ഥമാക്കിയിട്ടുണ്ട്. കല്ല്യാശ്ശേരിയിലെയും സമീപ പ്രദേശങ്ങളിലെയും പാവപ്പെട്ട കുട്ടികളുടെ ഏക ആശ്രയമാണ് ഈ വിദ്യാലയം

# പൂർവ്വ വിദ്യാർത്ഥികളിൽ ചിലർ...



KPP NAMBIAR




TREESA JOLLY



KPR GOPALAN

# മനുഷ്യർ, ഓർമ്മകൾ, ജീവിതഭാരം.



----------------------------------

( ജ്ഞാനഭാരം:
പ്രശസ്ത എഴുത്തുകാരൻ ശ്രീ. ഇ. സന്തോഷ്കുമാറിൻ്റെ നോവൽപരിചയക്കുറിപ്പ് )

അതിലളിതഭാഷയിൽ നിർവ്വചനക്ഷമമല്ലാത്ത ജീവിതത്തിൻ്റെ സങ്കീർണ്ണതലങ്ങളും അർത്ഥരാഹിത്യവും അർത്ഥവും എഴുതുന്നു എന്നതാണ് ജ്ഞാനഭാരം എന്ന നോവലിൻ്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സവിശേഷത.യഥാർത്ഥത്തിൽ ജ്ഞാന ഭാരത്തിൽ ചർച്ച ചെയ്യുന്നത് വിജ്ഞാനത്തെയും അനുഭവ ജ്ഞാനത്തെയും ഏറ്റുവാങ്ങാൻ നിൽക്കുന്ന മനുഷ്യൻ്റെ ജീവിതഭാരമാണ്. ജീവിതത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങളും തത്ത്വചിന്താപരമായ അപഗ്രഥനങ്ങളും അത്രയും ആഴത്തിൽ രചനയിൽ പടർന്നു കയറിയിട്ടുണ്ട്.

പഠിപ്പിക്കുന്ന നരേഷ് ദേശായിയും പഴയ കാലത്തിൻ്റെ സ്മൃതികുടീരങ്ങളെന്ന വിധത്തിൽ പ്രതിഷ്ഠിക്കപ്പെട്ട കഥാപാത്രബിംബങ്ങളായ ഭുവൻദേശായിയും കമലേഷ് പാട്ടീലും ജഗദയും സോഹനും എറിക്കാഗോമസ് എന്ന രസതന്ത്രഗവേഷകയും അരുണാചലവും ഖുർഷിദ് അഹമ്മദും മറവിക്കെതിരായ ഓർമ്മയുടെ കലാപം തന്നെയാണ് ജീവിതമെന്ന മിലാൻ കുന്ദേര യുടെ വിശ്രുതവാക്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

മറവി ജീവിതവിരുദ്ധതയുടെ ഭീതിദമായ അടയാളങ്ങളാണ് ഭൂമിയിൽ സൃഷ്ടിക്കുന്നതെന്ന് ജ്ഞാനഭാരം വീക്ഷിക്കുന്നു. ചരിത്രത്തിൻ്റെ പ്രകാശത്തിൽ നിന്നാണ് മനുഷ്യഭാവിയുടെ പ്രയാണമാരംഭിക്കേണ്ടതെന്ന കൃത്യമായ കാഴ്ചപ്പാട് പുലർത്തുന്ന നോവലാണിത്.

കാലം കൈനീട്ടിയേൽപ്പിക്കുന്ന അറിവുകളുടെയും തിരിച്ചറിവുകളുടെയും ഭദ്രമായ സൂക്ഷിപ്പുകേന്ദ്രങ്ങളാണ് പുസ്തകങ്ങളും മനുഷ്യരും.എന്നാൽ ചേതനയുള്ള മനുഷ്യരുടെ ബോധതലങ്ങളെ കാലം തന്നെ പലപ്പോഴും ആക്രമിച്ച് പരുക്കേൽപ്പിക്കുന്നു. പ്രായത്തിൻ്റെ ആശ്ലേഷത്തിനിടയിൽ ഓർമ്മ പൂർണ്ണമായും മറഞ്ഞു പോകുന്ന മനുഷ്യർക്ക് ചരിത്രത്തിൻ്റെ വീണ്ടെടുപ്പുകൾ അസാധ്യമാണ്. അവിടെ യാണ് അചേതനമായ രേഖകളും പുസ്തകങ്ങളും പ്രാധാന്യത്തോടെ മനുഷ്യർക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നത്.

എന്നാൽ മനുഷ്യർക്ക് ബന്ധങ്ങൾ രൂപപ്പെടുത്താൻ ഓർമ്മകൾ കൂടിയേ തീരൂ. ഓർമ്മകളില്ലാത്ത മനുഷ്യർ ജീവിക്കാൻ അങ്ങേയറ്റം അശക്തരാണെന്ന് എഴുത്തുകാരൻ വ്യക്തമാക്കുന്നു. നോവലിൻ്റെ രണ്ടാം അധ്യായത്തിൽ Man is a Bundle of Memories – എന്ന വാക്യത്തിൽ – ഓർമ്മകളുടെ സഞ്ചയമാണ് മനുഷ്യൻ – നിന്ന് അത് തെളിയുന്നുണ്ട്.

ഉന്നതപഠനത്തിന് സഹായകരമായേക്കുമെന്ന് കരുതി പിതാവ് കമലേഷ് പാട്ടീൽ മകൻ കൈലാസ് പാട്ടീലിന് നൽകിയ

പന്ത്രണ്ട് വാല്യങ്ങൾ അടങ്ങിയ പഴയ എഡിഷനിലുള്ള എൻസൈക്ലോപീഡിയ നോവലിലെ മറ്റൊരു കഥാപാത്രമാണ്. ഈ എൻസൈക്ലോപീഡിയയും അതിലെ ഉള്ളടക്കങ്ങളുമാണ് നോവലധ്യായങ്ങളെ ഭരിക്കുന്നത്.

അധ്യായം മുപ്പത്തിനാലിൽ തൻ്റെ പിതാവിൽ നിന്നും ഏറ്റുവാങ്ങിയ വിജ്ഞാനഭാരത്തെ വാർധക്യാവസ്ഥയിലും പൂജനീയവസ്തുവെന്ന പോലെ കാണുന്ന കൈലാസ് പാട്ടീലിൻ്റെ ധാരണകളെ ഭുവൻ ദേശായി എന്ന അതിപ്രഗല്ഭനായ അഭിഭാഷകൻ്റെ മകനായ നരേഷ് ദേശായി തിരുത്തുന്നുണ്ട്. ആ വിജ്ഞാനക്കലവറയുടെ കാര്യത്തിൽ അച്ഛനുമായി താൻ സംവദിച്ചിട്ടുണ്ടെന്ന് നരേഷ് ദേശായി കൈലാസ് പാട്ടീലിനെ അറിയിക്കുന്നു. അച്ഛൻ വാങ്ങിച്ച വിജ്ഞാനകോശത്തിൽ ചരിത്രയാഥാർത്ഥ്യങ്ങളോ ചരിത്രത്തെ പ്രകമ്പനം കൊള്ളിച്ച വ്യക്തികളോ ആശയങ്ങളോ ഇല്ലായിരുന്നുവെന്ന് കണ്ടതുകൊണ്ട് അതുപേക്ഷിക്കണമെന്ന് താൻ നിരന്തരം അച്ഛനോട് ആവശ്യപ്പെട്ടിരുന്നുവെന്നും നരേഷ് ദേശായി കൈലാസ് പാട്ടീലിനെ ബോധ്യപ്പെടുത്തുന്നുണ്ട്.

നാൽപ്പത്തിനാലാം അധ്യായത്തിൽ  രചയിതാവ് തൻ്റെ പണ്ഡിതസുഹൃത്തുമായി ജ്ഞാനത്തെയും വിജ്ഞാനത്തെയും വേർതിരിക്കുന്ന ഒരു സംഭാഷണത്തിൽ ഏർപ്പെടുന്നുണ്ട്. അതിന് മുമ്പിലുള്ള വരികളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: " ഒടുവിൽ ആലോചിക്കുമ്പോൾ കൈലാസ് പാട്ടീലിൻ്റെ ജീവിതകഥ ഒരു പുസ്തകത്തിൻ്റെ അഥവാ പുസ്തകസഞ്ചയത്തിൻ്റെ കൂടി കഥയാണ്. പോയ നൂറ്റാണ്ടിൻ്റെ തുടക്കത്തിൽ പ്രപഞ്ചത്തെക്കുറിച്ച് മനുഷ്യന് മനസ്സിലാക്കാനായ സകലവിജ്ഞാനത്തെയും പന്ത്രണ്ടു ഭാഗങ്ങളുള്ള ഒരു പുസ്തകസഞ്ചയത്തിലേക്ക് സംഗ്രഹിക്കുന്നു. പിന്നീട്  ആ സഞ്ചയത്തിൽ നിന്നും ഒരേയൊരു പുസ്തകത്തിലേക്ക്... അവിടെ നിന്നും ഒരേയൊരു വിഷയത്തിലേക്ക്.... അവിടെ നിന്നും ഒരേയൊരു ബിന്ദുവിലേക്ക്... സ്ഥൂലത്തിൽ നിന്നും സൂക്ഷ്മത്തിലേക്കുള്ള സഞ്ചാരം.....

വിജ്ഞാനസമൂഹം (Knowledge Society) എന്ന നിലയിൽ ഉയർച്ച പ്രാപിക്കേണ്ടതിനെക്കുറിച്ചുള്ള ചിന്തകളും ചർച്ചകളും കേരളീയസമൂഹത്തിൽ സമകാലികമായി ഉയർന്നുവരുന്നതിൻ്റെ പശ്ചാത്തലത്തിൽ ജ്ഞാനഭാരത്തിലെ നാൽപ്പത്തിനാലാം അധ്യായം ഏറെ പ്രസക്തമാവുന്നുണ്ട്.

" ഒരു പാട് അറിവുകൾ മനുഷ്യർക്ക് ആവശ്യമാണോ? എനിക്കു സംശയമുണ്ട്."      " അറിവുകൾ വേണ്ടാ എന്നാണോ? "        " എന്നല്ല... അവയെ ഒഴിവാക്കാനുമാവില്ല.. വിശേഷിച്ചും നമ്മളിപ്പോൾ ഒരു ഇൻഫർമേഷൻ യുഗത്തിലാണെന്നല്ലേ പറയുന്നത്? പക്ഷേ വിജ്ഞാനവും ജ്ഞാനവും ഒന്നല്ല.. എനിക്കു തോന്നുന്നത് ജ്ഞാനം വെളിച്ചമാണ് എന്നാണ്.വിജ്ഞാനം വെളിച്ചത്തെ നിർമ്മിച്ചെടുക്കാനുള്ള ചില ഉപകരണങ്ങൾ മാത്രവും.... വിളക്കു പോലെ , എണ്ണ പോലെ... "

വിജ്ഞാനവും ജ്ഞാനവും മുഖാമുഖം നിന്നു കൊണ്ടുള്ള ധൈഷണികമായ ഉന്നതസംവാദത്തിനോ അതല്ലെങ്കിൽ വിജ്ഞാനത്തിനെയും ജ്ഞാനത്തിനെയും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു ജീവിതഭാഷയുടെ ആവിർഭാവത്തിൻ്റെ ആവശ്യകതയ്ക്കോ ഊന്നൽ നൽകിക്കൊണ്ടാണ്  മികച്ച ഈ നോവൽ പൂർണ്ണമാവുന്നത്.

– ഡോ.എ.വി.സത്യേഷ്കുമാർ.

# *SSLC Full A+ 2023*



# ബിരിയാണി ... ആസ്വാദനക്കുറിപ്പ്

സന്തോഷ് ഏച്ചിക്കാനത്തിന്റെ ഹൃദയസ്പ്പശിയായ കഥയാണ് ബിരിയാണി. ഇന്നത്തെ സമൂഹത്തിൽ നില നില നിലനിൽക്കുന്ന പ്രശ്നങ്ങളിലൊന്നാണ് ദാരിദ്രം. നമ്മുടെ കണ്ണുകളിൽ അവ കാണുന്നില്ലെങ്കിലും ഇന്ത്യയുടെ വിവിധ കോണുകളിൽ അറിഞ്ഞും അറിയപ്പെടാതെയും ദാരിദ്രം എന്ന അഗാധ ഗർത്തത്തിൽ വീണ പലരുമുണ്ട് ആഹാരമില്ലാതെ വസ്ത്രമില്ലാതെ തലചായ്ക്കാൻ ഒരു പൂരയില്ലാതെ കഴിയുന്നവർ അവരുടെ  ജീവിത് നമുക്ക് മുന്നിൽ ഒരു പുസ്തകമായി അവതരിപ്പിക്കുകയാണ് സന്തോഷ് ഏച്ചിക്കാനം. ഇതിലൂടെ സമ്പന്നരുടെ കൊള്ളരുതായ്മയും സമൂഹത്തിന്റെ ക്രൂരതയ്ക്കുമെതിരെ അദ്ദേഹത്തിന്റെ പ്രതിഷേധമാണ് ഈ കഥ.

ഗോപാൽ യാദവ് എന്ന അതിഥി തൊഴിലാളിയിലൂടെയാണ് കഥ വികസിക്കുന്നത്. കേരളത്തിൽ ജോലി തേടിയെത്തിയ ദിവസക്കൂലിയിൽ ജോലി ചെയ്യുന്ന ഒരു പാവം അന്യ സംസ്ഥാനതൊഴിലാളി. കലന്തൻ ഹാജി എന്ന അതി സമ്പത്തിന്റെ വീട്ടിലായിരുന്നു അന്ന് അയാളുടെ പണി. ധാരാളിത്തത്തിന്റെയും ധൂർത്തിന്റെയും പ്രതീകം തന്നെ ആകുന്നു കലന്തൻ ഹാജി. അദ്ദേഹത്തിന്റെ വീട്ടിൽ നടന്ന വലിയ വിരുന്നിന്റെ ബാക്കി വന്ന ഭക്ഷണം കുഴിയെടുത്ത് മുട്ടുക എന്നതായിരുന്നു ഗോപാലിന്റെ ജോലി. യഥാർത്ഥത്തിൽ അവിടെയാണ് ശീർഷകത്തിനു യോജിച്ച സംഭവം ഉണ്ടാകുന്നത്. കുഴി എടുക്കുന്നത് എന്തിനായിരുന്നുവെന്ന് ഗോവാലിന് അറിയില്ലായിരുന്നു. അന്നത്തെ ആ വിരുന്നിൽ ബാക്കിയായ ബിരിയാണി കുഴിച്ചിടാനുള്ളതായിരുന്നു അത്. ചെമ്പോടെ തന്നെ വന്ന് തട്ടുകയാണ് ചെയ്തത്. ദം പൊട്ടിച്ചതും പൊട്ടിക്കാത്തതും അങ്ങനെ ബിരിയാണിയുടെ സുഗന്ധം അവിടെങ്ങും വരുന്നു. അതിനെ ച അമർത്തി ലവലാക്കാൻ ഗോപാലിനെ നിരീക്ഷിച്ച കൊണ്ടിരുന്ന കുട്ടി പറഞ്ഞു. അയാൾ അദ്യം മിണ്ടാതെ നിന്നു പക്ഷേ അയാൾക്കത് ചെയ്യേണ്ടി വന്നു.
" ചവിട്ട് ഭായി" സിനാൽ വീണ്ടും ഒച്ചവെക്കുന്നു. ചവിട്ടി നെഞ്ചത്ത് തന്നെ ചവിട്ടി ആദ്യം ഒരു കരച്ചിൽ കേട്ടു പിന്നെ അതൊരു ഞരക്കാമായി ഒടുവിൽ അതും ഇല്ലാതായി.
ഈ ഭാഗം അണ് എന്നെ ഏറ്റവും സ്വധീനിച്ചത്. ബസ്മതി അരിയാണ് താൻ ചവിട്ടിയത് എന്ന് അയാൾക്കറിയാം. തന്റെ ഭാര്യ അറ് മാസം ഗർഭിണിയായിരുന്നപ്പോഴാണ് അയാളോട് അദ്യമായി ബസ്മതി അരി ആവശ്യപ്പെടുന്നത്. വില കൂട്ടിയ അരിയായതിനാൽ അയാൾക്കത് വാങ്ങാനുള്ള കഴിവില്ലായിരുന്നു എങ്കിൽ കൂടി ഭര്യയുടെ ആഗ്രഹം കാരണം അൻപത് ഗ്രാം തൂക്കി വാങ്ങി അയാളഭാര്യയ്ക്ക് നൽകി.ആ അരിയോടുള്ള ബസ്മതി എന്ന് പേരിട്ടത് എന്നാൽ അവൾ എറെ നാൾ ജീവിച്ചില്ല. വിശപ്പ് എന്ന ഭീകരൻ മരണത്തിന്റെ രൂത്തിൽ അവളെ വിഴുങ്ങുകയായിരുന്ന മണ്ണിൽ കിടക്കുന്ന ആ ബസ്മതി അരി കൊണ്ടുണ്ടാക്കി ആ ബിരിയാണി തന്റെ മകളാണെന്ന് അയാൾ ഒരു നിമിഷം ചിന്തിച്ചിട്ടുണ്ടാകാം.

ആഹാരം ദൈവമാണ് അത് പാഴാക്കരുത് ഒരു നേരത്തെ ആഹാരം പോലും ലഭിക്കാതെ മരണപ്പെടുന്ന കുഞ്ഞുങ്ങളുള്ള നാട്ടിലാണ് നാം. നമ്മുടെ പണക്കൊഴുപ്പ് കാണിക്കാൻ വേണ്ടി നടത്തുന്ന ആഘോഷങ്ങളുടെയാ ല്ലാം ബാക്കി എന്താണ് ഒരു കുഴി നിറയെ ഇട്ട് മൂടാൻ പാകത്തിലുള്ള ആഹാരം. ഇത്രയും ആവശ്യമാണോ അല്ല. പക്ഷേ നമ്മുടെ ധാരാളിത്തം കാണിക്കാൻ വേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നത്. പക്ഷേ നാം ഒരിക്കൻ ആ പട്ടിണിപാവങ്ങളുട മുഖം ഓർത്താൻ അത് ചെയ്യുവാൻ തോന്നുകയല്ല. ഇനിയും ഇത്തരത്തിൽ ഒന്നും തന്നെ ഉണ്ടാവാതിരിക്കട്ടെ.

ഒരു തുള്ളി കണ്ണീരോടെയല്ലാതെ ഇത് നമുക്ക് വായിച്ച് തീർക്കാനാകുന്നില്ല. ഞാൻ രുചിച്ചതിൽവച്ച് വായിച്ചതിൽവച്ച് ഏറ്റവും രുമികരമായ ബിരിയാണി ഇതാണ്

Sree Parvathi 9A

# USS WINNERS 2023



# വിസ്മയചെപ്പ്



രാവെന്നെ തഴുകിയുണർത്തിയ നേരം........
വെള്ളക്കുതിരകൾ ആരെയോ വരവേൽക്കാൻ
പൂക്കുടയുമായി പരക്കം പായുന്നു
എവിടുന്നൊ വന്ന വിളിയുടെ പിന്നാലെ
വിരുതൻ കണ്ണ് പൊത്തി കളിക്കുന്നു.
ലോകത്തെ മുഴുവനും മൂടിയ അന്ധകാര
നിഴലുകൾ ജീവനുവേണ്ടി നെട്ടോട്ടമോടുന്നു
അങ്ങുനിന്ന് അതാ അവൻ വരുന്നു
ലോകം എന്ന മായികചെപ്പിന്റെ സൗന്ദര്യം
നുകരുവാൻ കുഞ്ഞു പൈതങ്ങൾ നിൽക്കുന്നു
വെള്ളുക്കുതിരകൾ പൂക്കൾ വാരിവിതറുന്നു
സ്വർണ്ണ രഥത്തിൽ അവൻ വരുന്നു.....
അവന്റെ സൗന്ദര്യം നുകരാൻ .........
ഇന്ദ്രൻ ആകശത്താളിലൂടെ ഒളിഞ്ഞു നോക്കുന്നു.
രാവ് ഒരു ചുവന്ന മണിമുത്തായി മാറി
എല്ലാവരെയും ഹരം കൊള്ളിപ്പിക്കുന്നു .........
അവന്റെ രശ്മികൾ പതിഞ്ഞ് ലോകമാതാവ് ഉണരുന്നു......
തീപിടിച്ചതുപോലെ ആകാശം ശോഭിക്കുന്നു
ആ ശോഭയിൽ എൻ ഇമ ചിമ്മാതെ ഞാൻ നിന്നു
ആരോ എന്നെ വിളിച്ചു......
ഏതോ ഒരു സ്വരം എന്റെ കാതിലൂടെ ഓടി പോയി ...........
അതൊന്നും ഞാൻ അറിഞ്ഞില്ല
എൻ ഉയിര് ആ ശോഭയിൽ  മിഴിച്ചു നിന്നു.
ലോകമാതാവിന്റെ വിസ്മയത്തിൽ ലയിച്ചു
അവൾ മഞ്ചാടിക്കുരു വാരി എറിഞ്ഞു
അത് ശോഭിക്കുന്നു........
അതൊരു സ്വപ്ന ലോകമാണ് ..........
ജീവിതത്തെ നിദ്രയിൽ നിന്ന് മോചിപ്പിക്കുന്ന വിസ്മയാകാശം

പാർവ്വതി കൃഷ്ണ
X – B











# രത്നവ്യാപാരിയും വൃദ്ധനും



പണ്ട് ഒരു നഗരത്തിൽ ഭദ്രൻ എന്ന ഒരു രത്ന വ്യാപാരി ജീവിച്ചിരുന്നു.
അഹങ്കാരിയായ ഭദ്രൻ തൻ്റെ കൈകളിലാണ് ഏറ്റവും വിലപിടിപ്പുള്ള രത്നങ്ങൾ ഉള്ളത് എന്നാണ് ഭദ്രൻ വിശ്വസിച്ചിരുന്നത്. ഒരിക്കൽ ഭദ്രൻ വഴിയോരത്തൂടെ നടക്കുന്നതിനിടയിൽ അദ്ദേഹം ഒരു വൃദ്ധനെ കണ്ടു.വൃദ്ധൻ ഭദ്രനോട് യാചിച്ചു;"എനിക്ക് ദാഹിക്കുന്നു എനിക്ക് കുറച്ച് വെള്ളം തന്നാൽ ഞാൻ നിങ്ങൾക്ക് എൻ്റെ കൈയിൽ ഉള്ളതെല്ലാം തരാം".

ഭദ്രൻ ആദ്യം അയാളുടെ കൈവശം ഉള്ള സ്വർണങ്ങൾ വാങ്ങിച്ചു. വൃദ്ധൻ്റെ കൈയിൽ നല്ല തിളങ്ങുന്ന വജ്രത്തിൻ്റെ മോതിരമുണ്ടായിരുന്നു. ഭദ്രൻ പറഞ്ഞു;"താങ്കളുടെ കൈയിലുള്ള ഈ മോതിരം കൂടി തന്നാൽ ഞാൻ വെള്ളം തരാം ".
ഭദ്രൻ്റെ നിർബന്ധത്തിന് വഴങ്ങി വൃദ്ധൻ ആ മോതിരം കൊടുത്തു. കൂടാതെ ഇങ്ങനെ വൃദ്ധൻ പറഞ്ഞു;"ഈ മോതിരത്തിലുള്ള വജ്രം പൊട്ടാതെ നോക്കണം പൊട്ടിയാൽ നിങ്ങൾ ദു: ഖിക്കേണ്ടിവരും".

എന്നാൽ ഭദ്രൻ ഈ വാക്കുകൾ ഒന്നും കാര്യമായി എടുത്തില്ല. തൻ്റെ വജ്രശേഖരം വർദ്ധിപ്പിക്കാനും, കോടീശ്വരനാവാനും വേണ്ടി ഭദ്രൻ ആ മോതിരത്തിൽ നിന്ന് വജ്രം പൊട്ടിച്ചെടുത്തു. അപ്പോൾ അതിൽ നിന്ന് ഒരു രാക്ഷസൻ വന്നു. അതുകണ്ട് അദ്ദേഹം ഭയപ്പെട്ടു. ആ രാക്ഷസൻ അദ്ദേഹത്തോട് പറഞ്ഞു ;"നിൻ്റെ മകൻ്റെ ശിരസ്സ് എനിക്ക് ബലിചെയ്താൽ മാത്രമേ ഇനിയുള്ള നിൻ്റെ തലമുറക്ക് ഇവിടെ ജീവിക്കാൻ സാധിക്കു.

അപ്പോഴാണ് ഭദ്രൻ വൃദ്ധൻ്റെ വാക്കുകൾ എത്രമാത്രം ശരിയാണെന്ന് മനസ്സിലാക്കിയത്. തൻ്റെ മകൻ്റെ ശിരസ്സ് രാക്ഷസന് ബലി നൽകുന്നതിൽ ഭദ്രന് ഏറെ വിഷമവും
ദു:ഖവും ഉണ്ടായി . ഈ കഥയിലൂടെ നമുക്ക് മനസ്സിലാക്കാം ,
"അത്യാഗ്രഹം ആപത്താണെന്ന്.

അമേയ വിജയ്
7.C

# കലോൽസവങ്ങളിലൂടെ.....


ശ്രീദേവി. കെ സി
സംസ്ഥാന സ്കൂൾ കലോത്സവം
മോഹിനിയാട്ടം (ഹൈസ്കൂൾ)
എ ഗ്രേഡ്
അഭിനന്ദനങ്ങൾ


കെ പി ആർ ജി എസ് ജി എച്ച് എസ് എസ് കല്യാശ്ശേരി
കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം
ശാസ്ത്രീയ സംഗീതം എച്ച് എസ് വിഭാഗം
Diya M (X C)
Third with A grade
Congratulations...


കെ പി ആർ ജി എസ് ജി എച്ച് എസ് എസ്
കല്യാശ്ശേരി
പാപ്പിനിശ്ശേരി ഉപജില്ലാ കലോത്സവം
ഹൈസ്കൂൾ വിഭാഗം നാടോടി നൃത്തം
Parvathi Krishna
X B
1st with A grade
Staff & PTA



കെ പി ആർ ജി എസ് ജി എച്ച് എസ് എസ്
കല്യാശ്ശേരി
ശ്രീദേവി കെ സി
10 C
പാപ്പിനിശ്ശേരി ഉപജില്ല
വാർത്താ വായന മത്സരം
(ഹൈസ്കൂൾ വിഭാഗം)
ഒന്നാംസ്ഥാനം

# ആകാശത്തിന് തീപിടിക്കുമ്പോൾ



അവന്തിക . പി
X – D

ആസ്തമയച്ചൂടിൽ സൂര്യന്റെ തീനാളങ്ങൾ
ഭ്രൂമിയെ തൊട്ടറിയുമ്പോൾ
ആകാശഗോപുരം തീപന്തമാൽ
നിന്നെ തലോടവേ..........
ഏതോ യുദ്ധമെന്നപോൽ പക്ഷിക്കൂട്ടത്തെ
കൂടെല്ലാം വിഴുങ്ങുന്നു .........
നീയറിയുന്നുവോ സഖി,
ഈ സായാഹ്ന വേളയിൽ ചായയും മോന്തി
നിന്റെ ഓർമ്മയെ ഞാൻ തലോടുന്നു
മായാത്ത മധുര്യം എന്റെ പുഞ്ചിരിയിലെങ്കിലും
പ്രുതിയും  ഓറഞ്ചാൽ മായ കാണിക്കുന്നു.
പ്രകൃതിയുടെ ഊഷ്മളതയെ ഞാൻ വെറുക്കപ്പെടുന്നില്ല ..........


കല്യാശ്ശേരി കെ.പി.ആർ ഗോപാലൻ സ്മാരക ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർഥികളെ അനുമോദിക്കാൻ സംഘടിപ്പിച്ച ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് ടി.ടി.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാർഥികളെ അനുമോദിച്ചു

കല്യാശ്ശേരി • സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ സി.അമൻ, കെ.സി.ശ്രീദേവി എന്നിവർക്കും സംസ്ഥാന ഗെയിംസ്, പ്രവൃത്തി പരിചയമേള എന്നിവയിൽ വിജയം നേടിയ വിദ്യാർഥികൾക്കും കെപിആർ ഗോപാലൻ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ അനുമോദനം സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ടി.ടി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പാപ്പിനിശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പ്രദീപൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ പി.സ്വപ്നകുമാരി, ടി.ബാലകൃഷ്ണൻ, സി.പി.വനജ, പ്രിൻസിപ്പൽ കെ.കെ.ചിത്രലേഖ, വി.മഞ്ജുള, എൻ.സതീശൻ, വി.പ്രസാദ്, വി.സി.പ്രേമരാജൻ, എം.പി.സീമ, കെ.സി.മണിനാഥൻ, ശ്രീജിത്ത്, വി.ഷെമിത്ത് എന്നിവർ പ്രസംഗിച്ചു.


Mathrubhumi മാതൃഭൂമി

## പാപ്പിനിശ്ശേരി ഉപജില്ലാ ശാസ്ത്രോത്സവം: കല്യാശ്ശേരി ഓവറോൾ ജേതാക്കൾ

പാപ്പിനിശ്ശേരി ഉപജില്ലാ ശാസ്ത്രോത്സവം സമാപന പരിപാടി കെ.വി. സുമേഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

പുതിയതെരു• പാപ്പിനിശ്ശേരി ഉപജില്ലാ ശാസ്ത്രോത്സവത്തിൽ കല്യാശ്ശേരി ഗവ. എച്ച്.എസ്.എസ്. ഓവറോൾ ജേതാക്കളായി.

30/10/2023 THALIPARAMBA Pg 09


Mathrubhumi മാതൃഭൂമി

## പാപ്പിനിശ്ശേരി ഉപജില്ല കായികമേള: കല്യാശ്ശേരി ജേതാക്കൾ

പാപ്പിനിശ്ശേരി ഉപജില്ലാ കായികമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ കല്യാശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ

കല്യാശ്ശേരി• പാപ്പിനിശ്ശേരി ഉപജില്ലാ കായിക മേളയിൽ കല്യാശ്ശേരി ഗവ. ഹയർ സെക്കൻഡറി ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. പാപ്പിനിശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ രണ്ടാം സ്ഥാനവും അഴീക്കോട് ഹയർ സെക്കൻഡറി സ്കൂൾ മൂന്നാം സ്ഥാനവും നേടി.

നിരവധി വർഷങ്ങളായി ചാമ്പ്യന്മാരായ കല്യാശ്ശേരി സ്കൂളിന്റെ കളിസ്ഥലം ടർഫിന് വഴിമാറിയതോടെ പലയിടങ്ങളിലായാണ് വിദ്യാർഥികൾ പരിശീലനം നടത്തിയത്.

28/09/2023 THALIPARAMBA Pg 02


സംസ്ഥാന സ്കൂൾ കലോത്സവ ജേതാക്കൾക്ക് കല്യാശ്ശേരി കെ പി ആർ ഗോപാലൻ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നൽകിയ സ്വീകരണം

## കലോത്സവ ജേതാക്കൾക്ക് ആദരം

കല്യാശ്ശേരി

സംസ്ഥാന സ്കൂൾ കലോത്സവ ജേതാക്കൾക്ക് കല്യാശ്ശേരി കെ പി ആർ ഗോപാലൻ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ ആദരം. സംസ്ഥാന ഗെയിംസ്, പ്രവൃത്തിപരിചയമേള എന്നിവയിൽ എ ഗ്രേഡ് നേടിയ കുട്ടികളെയും ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ടി ടി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഉപഹാര വിതരണവും നിർവഹിച്ചു. പാപ്പിനിശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ പ്രദീപ് കുമാർ അധ്യക്ഷനായി. പി. സ്വപ്നകുമാരി, ടി ടി ബാലകൃഷ്ണൻ, സി പി വനജ, വി മഞ്ജുള, പ്രധാനാധ്യാപിക കെ പി ഷൈനി, എൻ സതീശൻ, വി പ്രസാദ്, വി സി പ്രേമരാജൻ, എം പി സീമ, കെ സി മണിനാഥൻ, ശ്രീജിത്ത്, കെ ഷെമിത്ത് എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ ഡോ. കെ കെ ചിത്രലേഖ സ്വാഗതവും നന്ദിയും പറഞ്ഞു.

## മായൻ കടുവ
## ആസ്വാദനക്കുറിപ്പ്

മനുഷ്യമനസിനെ സ്പർശിക്കുന്ന ബാലസാഹി ത്യ പുരസ്കാരം നേടിയ ദേവലാൽ ചെറുകരയുടെ പുസതകമാ– ണ് 'മായൻ കടുവ'. നാഷണൽ ഹ്യൂമൺറൈറ്റ്സ് ആൻഡ് ഹ്യൂമാ നിറ്റേറിയൻ ഫെഡറേഷന്റെയും മൊഴിയുടെയും അവാർഡുകൾ ഈ രചനയ്ക്ക് ലഭിച്ചിട്ടുണ്ട്.
സാധാരണ ബാലസാഹിത്യ കഥകൾ പോലെയല്ല 'മായൻ കടുവ' എന്ന ഈ പുസ്തകം. "മായൻ കടുവ' എന്നു കേൾക്കുമ്പോൾ ഒരു കടുവയെ കുറിച്ചാണ് ഈ പുസ്തകം എന്ന് കരുതരുത്. ഇത് കാടിൻ്റെ കഥയാണ്. എന്നാൽ മുന്നോട്ടു കടക്കുമ്പോൾ ജൈവം, കാടിൻ്റെ വ്യാകരണം, പരിസ്ഥിതി,നാട്, മനുഷ്യൻ, ജീവിതം എന്നിങ്ങനെ എല്ലാ ഇടങ്ങളിലേക്കും ദേവലാൽ ചെറുകരയുടെ ഈ കൊച്ചുപുസ്തകം നമ്മെ കൊണ്ടു പോവും. ബാലസാഹിത്യം എന്നാണ് ദേവലാൽ ചെറുകര ഈ പുസ്തകത്തെ വിശേഷിപ്പിക്കുന്നത് എങ്കിലും എല്ലാ പ്രായക്കാർക്കും വായിക്കാൻ കഴിയുന്ന ഒരു പുസ്തകമാണിത്. ഈ പുസ്തകത്തിൻ്റെ മറ്റൊരു പ്രത്യേകയാണ് ഇതിൽ പരാമർശിച്ചിട്ടുള്ള എല്ലാ ജീവികളുടെ വിവരങ്ങളും ശരിയാണ്. വളരെ ആഴമേറിയ പഠനത്തിനു ശേഷമാണ് അദ്ദേഹം ഇത് രചിച്ചതെന്ന് ഇതിലൂടെ മനസിലാക്കാം.
ഈ കഥയിൽ പറയുന്നത് കാട്ടിലെ പഴയ കൊട്ടാരത്തിലെ നിധിയെടുക്കാൻ സ്വാർത്ഥരായ മനുഷ്യർ പോകുന്നതും മായൻ എന്നു പേരുള്ള കഴുവ അവരെ ആക്രമിക്കുന്നതുമാണ്. ഈ പുസ്തകത്തിലെ ഒരോ പേജും ഓരോ മൃഗങ്ങളുടെ ജിവിതത്തെയാണ് നമുക്കു മുന്നിൽ ചൂണ്ടി ക്കാട്ടുന്നത്. അങ്ങനെ കുപ്പുസ്വാമി എന്നു പേരുള്ള ഒരു തമിഴൻ തൻ്റ് അകന്ന ബന്ധുവിൻ്റെ മകനായ ശ്രീക്യുട്ടണ് ആര്യമ റിയാതെ തട്ടിക്കൊണ്ട് കാട്ടിലെ നിധിയെടുക്കാൻ പോയി. കുപ്പു സ്വാമി ശ്രീക്കുട്ടനെ കൊണ്ടുപോയത് വെറുതെയല്ല. നിധിക്ക് കാവൽ നിൽകുന്ന മായന് ശ്രീക്കുട്ടനെ ഇരയായി കൊടുത്ത് നിധിയെടുത്ത് രക്ഷപ്പെടുക എന്നതാണ് അയാളുടെ ഉദ്ദേശം. പിന്നീട് ശ്രീകുട്ടൻ്റെ അച്ഛനുമമ്മയും ഊരുമൂപ്പനോട് സഹായം പോ വിക്കുന്നനു മൂപ്പൻ അവണ രക്ഷിക്കാൻ പോയപ്പോഴും രക്ഷിച്ച് തിന ച്ചുവരുമ്പോഴുമുണ്ടായ സംഭവങ്ങളാണ് ഈ കഥയിലുള്ളത്.എനിക്ക് ഈ കൃതി ഇഷ്ടപ്പെടാൻ ഒരു കാരണം കൂട ടിയുണ്ട്. പരിസ്ഥിതി സംരക്ഷണം ഇനി ഭാവി തലമുറയുടെ കയ്യിലാണെന്ന് മനസിലാക്കി ഈ കൃതി ബാലസാഹിത്യത്തിൽ ഉൾപ്പെടുത്തിയ ദേവലാൽ ചെറുകരയുടെ ഈ കാഴ്ചപ്പാടിൻ മായൻ കടുവ'യെ എനിക്ക് പ്രിയപ്പെട്ടതാക്കുന്നത്

Name :- Sayanth.P
Class :- 7-c


KPRGS GHSS KALLIASSERI
Little Kites (2023-26 Batch)
Little KITEs


KPRGS GHSS KALLIASSERI
Little Kites (2022-25 Batch)
Little KITEs

# ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്!

## ആസ്വാദനക്കുറിപ്പ്

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ ആണ് ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്! എന്ന നോവലിന്റെ രചയിതാവ്. മലയാള നോവലിസ്റ്റും, കഥാകൃത്തും, സ്വാതന്ത്ര്യ സമരപോരാളിയുമാ യിരുന്ന വൈക്കം മുഹമ്മദ് ബഷീർ. അദ്ദേഹം 1908 ജനുവരി 21 ന് ജനിച്ചു. ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികളാണ് ബാല്യസഖി, പാത്തുമ്മയുടെ ആട്, മതിലുകൾ,ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്! തുടങ്ങിയവ.1994 ജൂലൈ 5 ന് നിര്യാതനായി.

മുസ്ലിം ജനങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും, സ്ത്രീകൾ മുഖം മറച്ചും, പൂവ് ചൂടാതെയും, വിദ്യാഭ്യാസമില്ലാതെയും നടക്കുന്നതിനെതിരെയും നമ്മൾ പ്രതികരിക്കണമെന്ന് നിസാർ അഹമ്മദ് എന്ന യുവാവ് മറ്റുള്ളവരെ ഈ നോവലിലൂടെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു.

ഈ കഥയിലെ മുഖ്യ കഥാപാത്രങ്ങളാണ് കുഞ്ഞിപ്പാത്തുമ്മ, കുഞ്ഞിതാച്ചുമ്മ,നിസാർ അഹമ്മദ്.

കുഞ്ഞി പാത്തുമ്മ : കുഞ്ഞി പാത്തുമ്മ ഒരു നിഷ്കളങ്കയും, കവിളത്ത് ഭാഗ്യ മറുകുമുള്ള ഒരു സുന്ദരി പെൺകുട്ടിയാണ്. അവൾ എല്ലാവരോടും സ്നേഹത്തോടെയാണ് പെരുമാറിയിരുന്നത്.ആരോടും കള്ളം പറയാറില്ല. എല്ലാ ജീവികളെയും അവൾ സ്നേഹിച്ചിരുന്നു.

കുഞ്ഞിതാച്ചുമ്മാ : കുഞ്ഞി പാത്തുമ്മയുടെ ഉമ്മയായിരുന്നു കുഞ്ഞിതാച്ചുമ്മാ. കുഞ്ഞിതാച്ചുമ്മാ തന്റെ പ്രൗഡിയും അന്തസ്സും എടുത്തു കാണിക്കാൻ വേണ്ടി എല്ലാവരോടുമായി പറയുമായിരുന്നു 'ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്!'വലിയ 'കൊമ്പനാന!'.

നിസാർ അഹമ്മദ്: നിസാർ അഹമ്മദ് ഒരു നല്ല യുവാവായിരുന്നു. സ്ത്രീകൾ സ്വതന്ത്രരാവട്ടെ, വിദ്യാഭ്യാസമുള്ളവരാകട്ടെ എന്നൊക്കെയായിരുന്നു നിസാറിന്റെ ചിന്തകൾ. അദ്ദേഹത്തിനും എല്ലാ ജീവജാലങ്ങളെയും ഇഷ്ടമാണ്.

ഒരിക്കൽ കുഞ്ഞി പാത്തുമ്മയുടെ ഉപ്പ ഒരു കേസിനു വേണ്ടി അവരുടെ സ്വർണവും,വീടും വിറ്റു. ആ കേസ് തോൽക്കുകയും അവർ വേറെ ചെറിയ വീട്ടിൽ താമസം മാറുകയും ചെയ്തു. അതിനുശേഷം അവരുടെ പുതിയ അയൽക്കാരനായിട്ടാണ് നിസാർ അഹമ്മദ് എന്ന യുവാവിന്റെ പ്രവേശനം.

ഈ നോവലിലൂടെ മനസ്സിലാക്കാം, നിസാർ അഹമ്മദിനും കുഞ്ഞിപ്പാത്തുമ്മയ്ക്കും എല്ലാ ജീവികളെയും ഇഷ്ടമാണെന്ന്. കാരണം ഒരു കുരുവി ജീവന് വേണ്ടി പിടയുമ്പോൾ, കുഞ്ഞിപ്പാത്തുമ്മ അതിന് തന്റെ കൈയിലെ ചോര ഉറിച്ചു കൊടുത്തു. അതിനുശേഷം ആണ് കുഞ്ഞിപ്പാത്തുമ്മയും നിസാർ അഹമ്മദും കണ്ടുമുട്ടുന്നത്. പിന്നെ അവർ രണ്ടുപേരും കൂടി കുരുവിയെ സ്വതന്ത്രരാക്കി.

കുറച്ചു മാസങ്ങൾക്ക് ശേഷം നിസാറിന്റെയും കുഞ്ഞിപ്പാത്തുമ്മയുടെയും വിവാഹം കഴിഞ്ഞു. കുഞ്ഞിതാച്ചുമ്മ വിശ്വസിച്ചിരുന്നത് മുസ്ലിം സ്ത്രീകൾ പൂവ് ചൂടിക്കൂടാ, വിദ്യാഭ്യാസം ചെയ്തുകൂടാ അങ്ങനെ ഒരുപാട് കാര്യങ്ങൾ. ആദ്യമൊക്കെ രണ്ട് കുടുംബങ്ങൾ പൊരുത്തക്കേടുണ്ടായിരുന്നു.പിന്നെ, പിന്നെ രണ്ടു കുടുംബങ്ങളും ഒന്നിച്ചു. അവസാനം കുഞ്ഞിതാച്ചുമ്മ മനസ്സിലാക്കുന്നു,തന്റെ ഉപ്പാപ്പാക്ക് ഒരു കുഴിയാനയാണ് ഉണ്ടായിരുന്നത്.

ഈ നോവലിൽ രചയിതാവ് വളരെ സൗമ്യമായതും നാടൻ രീതിയിലുള്ള സംസാരവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 'ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്! വലിയ കൊമ്പനാന!' എന്ന വരിയാണ്, എനിക്ക് ഈ നോവലിൽ ഒരുപാട് ഇഷ്ടമായത്. കാരണം കുഞ്ഞിതാച്ചുമ്മ തന്റെ പ്രൗഡിയും, അന്തസ്സും, ആണ് ഈ വരികളിലൂടെ അർത്ഥമാക്കുന്നത്. എനിക്ക് ഈ നോവൽ.ഒരുപാട് ഇഷ്ടമായി. വൈക്കം മുഹമ്മദ്

ബഷീറിന്റെ കൃതികൾ എല്ലാം തന്നെ എനിക്ക് വളരെയധികം ഇഷ്ടമാണ്.

മുസ്ലിം ജനതയുടെ വിശ്വാസങ്ങളും ആചാരങ്ങളും നാട്ടുഭാഷാ പ്രയോഗങ്ങളും എല്ലാമാണ് ബഷീറിന്റെ നോവലിന്റെ പ്രത്യേകത. ഒരു മുസ്ലിം കുടുംബത്തിൽ ചെന്നു കയറിയ ഒരു അനുഭവമാണ് ബഷീറിന്റെ കഥകൾ വായിക്കുമ്പോൾ കിട്ടുന്നത്.

അമേയ വിജയ്
VII – C




KPRGSGHSS , KALLIASSERI
വേദി-1


KPRGSGHSS , KALLIASSERI
2023
വേദി-1





## FRIENDSHIP

There was a house near a pond. A nine year old boy by named Rahul and his mother lived in that house.One day when Rahul was walking to his house after school, he heard a 'meow'.... When he looked into the bushes on the road side he found a kitten. He said to him self. "I'll take this kitten to my house and ask mother to keep it" He took the kitten in his hand and went home. When he reached home, he called his mother,"mom, look, I got this poor kitten from the roadside" His mother was surprised to see a dirty kitten,but she felt pity on it and said to rahul, "We can keep it if you clean it" Rahul agreed and buthed the kitten to his surprise,The kitten thank fully licked Rahul they always eat, play and sleep together.Rahul named it minnu

One evening his father called him and said he was coming from Mumbai, the Next day and asked him if he wanted anything. Rahul said " I don't want anything, but can you buy some cat toys and a collar for minnu? His father agreed. Next day Rahul's father came with a bagfull of cat toys and a collar which had the name minnu. Rahul was so happy. It was the best day for minnu and Rahul. Their friendship stayed strong and they happily lived everafter.

Rudhika 5th STD

# കവിത




താണ്ഡവമാടുന്ന മഴയിൽ
എഴുന്നെറ്റെത്തി നൃക്കുന്നിതാ  പൂമരങ്ങൾ
മഴ പോയി വെയിൽ വന്നു
കാലം കടന്നു പോയ് ഒപ്പം
വളർന്നിതാ പൂമരങ്ങൾ
വസന്തകാലം സുഗന്ധം പരത്തിടും
വേനലിൽ കാലം നറുതനൽ നൽകിടും
കൂടില്ല പക്ഷിക്ക് കൂട്ടായി മാറുന്ന
തോഴൻ നീ മാത്രമേ ഉലകില്ലുള്ള
മണ്ണിനെ കാക്കുന്ന ദേവതയാനു നീ
മാനവരാശി തൻ വരമഞ്ഞ് നീ


സായന്ത് പി
7 C











## ആടുജീവിതം – ബെന്യാമിൻ (ആസ്വാദനക്കുറിപ്പ് )

പ്രശസ്ത കഥാകൃത്തും, നോവലിസ്റ്റുമായ 'ബെന്യാമിന്റെ' കൃതിയാണ് "ആടുജീവിതം". ആലപ്പുഴ ജില്ലയിൽ ജനിച്ച നജീബ് എന്ന വ്യക്തിയുടെ യഥാർത്ഥ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളെ ആസ്പദമാക്കിയാണ് ബെന്യാമിൻ ഈ കൃതി രചിച്ചത്.2008 ൽ ആദ്യപതിപ്പിറങ്ങിയ ആടുജീവിതം,2009ൽ കേരള സാഹിത്യ അക്കാദമിയുടെ ഏറ്റവും നല്ല മലയാളം നോവലിനുള്ള അവാർഡിന് അർഹമായി. വലിയ സ്വപ്നങ്ങളുമായി സൗദി അറേബ്യയിൽ ജോലിക്കായി പോയി വഞ്ചിക്കപ്പെട്ട് മരുഭൂമിയിലെ ആടുവളർത്തൽ കേന്ദ്രത്തിലെ ദയനീയമായതും വൃത്തിഹീനമായതുമായ സാഹചര്യങ്ങളിൽ വർഷങ്ങളോളം അടിമപ്പണി ചെയ്യേണ്ടി വന്ന യുവാവാണ് നജീബ്. കേരളത്തിൽ മണൽ വാരൽ ജോലി ചെയ്തിരുന്ന നജീബ് ഒരു സുഹൃത്തിന്റെ സഹായത്താൽ ലഭിച്ച വിസ കൊണ്ടാണ് അറേബ്യയിൽ എത്തിയത്. നജീബിന്റെ കൂടെ ഹക്കീം എന്ന യുവാവും ഉണ്ടായിരുന്നു. വിമാനം ഇറങ്ങിയ ഇരുവരും ഒരു അറബിയെ കണ്ട് തങ്ങളുടെ സ്പോൺസറാണെന്ന് തെറ്റിദ്ധരിച്ച് അയാളുടെ കൂടെ ചെല്ലുന്നു. ഒടുവിൽ അവർ എത്തിച്ചേർന്നത് ഒരു ആടുവളർത്തൽ കേന്ദ്രത്തിൽ ആയിരുന്നു. അവിടെ നജീബിനെ കാത്തിരുന്നത് വിശ്രമമില്ലാത്ത ജീവിതവും വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളേയും ഒട്ടകങ്ങളെയും നോക്കാനുള്ള ജോലിയുമായിരുന്നു. അവിടെ നജീബിന്റെ ജീവിതം നരകതുല്യമായിരുന്നു. കഴിക്കാൻ ഭക്ഷണമോ കുടിക്കാൻ വേണ്ടത്ര വെള്ളമോ ലഭിച്ചിരുന്നില്ല. പച്ചപ്പാലും കുബ്ബൂസ് എന്ന റൊട്ടിയും മാത്രമായിരുന്നു ഭക്ഷണം. താമസിക്കാൻ മുറിയോ, വസ്ത്രമോ, കുളിക്കാനും മറ്റും വേണ്ട സൗകര്യം പോലും ഇല്ലായിരുന്നു. അവിടെയുള്ള അറബികൾ നജീബിനെ ക്രൂരമായി മർദ്ധിച്ചിരുന്നു. തന്റെ വേദനകൾ ആടുകൾക്ക് നാട്ടിലെ സ്വന്തക്കാരുടെ പേരുകൾ നൽകി അവരോട് സംസാരിച്ചാണ് മാറിയിരുന്നത്. ഒരു ദിവസം നജീബ് ഹക്കീമിനെകാണാൻ ചെന്നപ്പോൾ ഹക്കീമിന്റെ കൂടെ ഒരു സോമാലിയക്കാരനെയും ജോലിക്ക് വച്ചത് അറിഞ്ഞു. 3 പേരും കൂടി ആരും കാണാതെ അവിടെ നിന്ന് രക്ഷപ്പെട്ട് പോയി. മരുഭൂമിയിൽ വിശപ്പും ദാഹവും സഹിക്കാനാവാതെ അവർ ദിശകൾ മാറി ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞ് നടന്നു. വിശപ്പും, ദാഹവും സഹിക്കാനാവാതെ ഹക്കീം അവിടെ മരിച്ചുവീണു. ഒടുവിൽ യാത്ര തുടർന്ന് അവർ ഒരു മരുപ്പച്ച കണ്ടെത്തുകയും ദാഹം തീർത്ത് വിശ്രമിക്കുകയും ചെയ്തു. ശേഷം അവർ വീണ്ടും യാത്ര തുടർന്നപ്പോൾ ഒരു ഹൈവേയിൽ എത്തിച്ചേർന്നു.അവിടെ നിന്നും ഒരു അറബി അയാളെ കാറിൽ കയറ്റി ബത്ഹയിൽ എത്തിച്ചു.ബത്ഹയിൽ എത്തിയ നജീബ് കുഞ്ഞിക്കയുടെ പരിചരണം മൂലം ആരോഗ്യം വീണ്ടെടുത്തു. നാട്ടിലേക്ക് മടങ്ങുവാനായി പോലീസിൽ പിടികൊടുത്ത് ഏതാനും മാസങ്ങൾ ജയിലിൽ കഴിഞ്ഞു. മാസങ്ങൾക്ക് ശേഷം തിരിച്ചറിയൽ പരേഡിൽ അറബി വന്ന് നജീബിനെ തിരിച്ചറിഞ്ഞെങ്കിലും കൂടെ കൊണ്ടുപോയില്ല.തുടർന്ന്, ഇന്ത്യൻ എംബസി വഴി നജീബ് നാട്ടിൽ തിരിച്ചെത്തുന്നു.

നജീബ് എന്ന യുവാവിന്റെ അതിജീവനത്തിന്റെ കഥയാണിത്. വെറുമൊരു കഥയല്ല,യാതനകളും, കഷ്ടപ്പാടും, സുഖവും, സന്തോഷവും ത്യജിച്ച് അറബി നാടുകളിലെ മണലാരണ്യങ്ങൾക്കിടയിൽ ജീവിതം കഴിച്ചുകൂട്ടിയ നാം അറിയാതെ പോകുന്ന എത്രയോ മനുഷ്യ ജീവന്റെ കഥ കൂടിയായിരിക്കാം. നജീബ് തന്റെ ജീവിതത്തിൽ അനുഭവിച്ച നോവും നൊമ്പരവും കഷ്ടപ്പാടും നിസ്സഹായതയും അതിന്റെ തീവ്രത ഒട്ടും കുറയാതെ ഈ കൃതിയിൽ ബെന്യാമിൻ ആവിഷ്കരിച്ചിരിക്കുന്നുണ്ട്.ആധുനിക മലയാളസാഹിത്യത്തിൽ സമാനതകളില്ലാതെ ഇന്നും ഈ കൃതി മുന്നേറിക്കൊണ്ടിരിക്കുന്നു. ഞാൻ വായിച്ചതിൽ വെച്ച് എന്റെ മനസ്സിനെ ഏറെ സ്വാധീനിച്ചതും ചിന്തിപ്പിച്ചതുമായ

മലയാളത്തിലെ ഏറ്റവും പ്രശസ്തമായ കൃതിയായിരുന്നു "ബെന്യാമിന്റെ ആടുജീവിതം. " "ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേടല്ല, ചോര വാർക്കുന്ന ജീവിതം തന്നെയാണ്."– ആടു ജീവിതത്തിനെ കുറിച്ചുള്ള ഒരു അഭിപ്രായമാണിത്. അതിലുപരി അതൊരു വാസ്തവമാണ്.

സഞ്ജന പി
IX - A




KPRGSGHSS KALLIASSERI
കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ
ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് ഇനി
ക്യാമ്പോണം
SEPT 1
Friday
ലിറ്റിൽ കൈറ്റ്സ്
സ്കൂൾ ക്യാമ്പ് 2023









# അപൂർവ്വ സൗഹൃദം

ഹോ! നേരം ഇരുട്ടി വീട്ടിലേക്ക് മടങ്ങാം എന്ന് തോന്നുന്ന അപ്പോഴാണ് പതിയെ ഇഴഞ്ഞിഴഞ്ഞ് ഇതുവരെ കാണാത്ത എന്തോ ഇഴജന്തു അടുത്തേക്ക് വന്നത്. "ഹായ് നിന്റെ പേര് എന്താണ് കുഞ്ഞാ " മണ്ണിരചോദിച്ചു. ഉത്തരം കിട്ടിയില്ല ഉറുമ്പ് തിരിച്ചു ചോദിച്ചു" അല്ല നിന്നെ ഇവിടെ ഒന്നും കണ്ടിട്ടില്ലല്ലോ "." നീ എവിടുന്നാ വരുന്നേ" അവൻ മറുപടി പറഞ്ഞു" എടാ കുട്ടാ എന്റെ വിഭാഗത്തിനെ വിളിക്കുന്നത് പേര് മണ്ണിരയെന്നാടാ, പിന്നെ ഞാൻ എവിടുന്നാ വരുന്നേന്നറിയോ? ഇല്ല ചേട്ടാ പറയൂ. ഞാനില്ലേ തെക്കേപ്പറമ്പിൽ നിന്നാണ് വന്നത്. അങ്ങനെ അവർ അന്നുമുതൽ കൂട്ടുകാരായി. കുറി നേരം എന്തൊക്കെയോ കളിച്ചും ചിരിച്ചും മിണ്ടിയും സമയം പോയതേ അറിഞ്ഞില്ല. പിന്നെ അവർ പരസ്പരം സങ്കടവും സന്തോഷവും ഒക്കെ പങ്കുവെച്ചു. അതു കഴിഞ്ഞ് ഏറെ നാൾ അവർ ഒരുമിച്ച് താമസിച്ചുള്ളിക്കുകയായിരുന്നു. അന്നൊരു ദിവസം തെക്കേപ്പറമ്പിലേക്ക് ഒരു ചെക്കൻ മീൻ പിടിക്കാൻ ഇരയെ തേടി വന്നു കഷ്ടം എന്ന് പറയട്ടെ അവൻ കൈക്കോട്ട് കൊണ്ട് കുഴിച്ച സ്ഥലത്ത് പാവം മണ്ണിരചേട്ടനും പെട്ടിരുന്നു. മണ്ണിൽ ചേട്ടനെ കാണാൻ ഇല്ല എന്ന വാർത്ത കേട്ടപ്പോൾ തന്നെ അന്ന് മുഴുവൻ ദിവസവും മണ്ണിര ചേട്ടനായി മാറ്റിവെച്ചു. എന്നിട്ടും അവന് മണ്ണിര ചേട്ടനെ കണ്ടുകിട്ടിയില്ല.പിറ്റേദിവസം കുഞ്ഞൻ തന്റെ വീട്ടിലേക്ക് ഭക്ഷണം ശേഖരിക്കുമ്പോഴാണ് ആ കാഴ്ച കണ്ടത് അവശ നിലയിൽ പാറക്കല്ലിനു മീതെ മണ്ണിരചേട്ടൻ! ഉടൻ തന്നെ കുഞ്ഞു ഉറുമ്പ് കട്ടുറുമ്പ് സംഘത്തെ ഏർപ്പാടാക്കി മണ്ണിരയെ പൊക്കിപ്പിടിച്ചുകൊണ്ട് നല്ല വളക്കൂറുള്ള മണ്ണിൽ ഇരുത്തി. പാവം മണ്ണിരചേട്ടൻ ഈ അവസ്ഥ കണ്ട് കുഞ്ഞുറുമ്പ് കണ്ണുനീർ പൊഴിച്ചു. പെട്ടെന്നവർ തേരട്ട വൈദ്യനെ കൊണ്ടുവന്ന കാര്യങ്ങളൊക്കെ പറഞ്ഞു പിന്നെ വൈദ്യൻ മരുന്നും തന്നിട്ടാണ് മടങ്ങിയത്. മണ്ണിരചേട്ടന് ദേഹത്ത്ശകലം മുറിവുണ്ടായിരുന്നു. കുഞ്ഞനാണ് മണ്ണിരചേട്ടന് ദേഹത്ത് മരുന്ന് പുരട്ടി കൊടുത്തത്. അവന്റെ അവന്റെ മുഖത്ത് ഒരു ചെറുപുഞ്ചിരി വീണു അതു കണ്ടപ്പോൾ തന്നെ കുഞ്ഞന് വളരെ സന്തോഷമായി. പിറ്റേ ദിവസം അവൻ കണികണ്ടുണർന്നത് പൂർണരോഗ്യവാനായ തന്റെ പ്രിയ മണ്ണിര ചേട്ടനെയാണ്. കുഞ്ഞുറുമ്പിനെ അതീവ സന്തോഷമായി തന്റെ കൂട്ടുകാരനെ തിരികെ കിട്ടിയതിൽ. എന്നാൽ ആ സന്തോഷം അധികം കാലം നിലനിന്നിരുന്നില്ല. കുഞ്ഞിൻ താമസിക്കുന്ന ഇടം ഒരു വീടിന്റെ ജനാലക്കരികിലെ തുളയിലാണ്. ആ വീടിന്റെ ഉടമസ്ഥൻ അവിടെ താമസിക്കുന്ന ഉറുമ്പുകളെ പറ്റിസ്വയം പറയാറുണ്ടായി. ഹോ! ശല്യം ഇവരെ കൊണ്ടു ഉറങ്ങാൻ പോലും പറ്റില്ല ദേഹം മുഴുവൻ കടിക്കുകയാണ് ചൊറിച്ചിൽ വർദ്ധിക്കുകയും ചെയ്യും ഇവർക്കിട്ട് ഒരു പണി കൊടുക്കണം

അധികം ഒന്നും ആലോചിക്കാതെ അയാൾ അല്പനേരം കൊണ്ട് തന്നെ രാഘവേട്ടന്റെ കടയിൽനിന്ന് മുളകുപൊടി വാങ്ങിച്ചു. ജനാലയ ഒക്കെ മുളകുപൊടി വിതറി എല്ലാ ഉറുമ്പുകളും ചത്തൊടുങ്ങി കൂട്ടത്തിൽ കുഞ്ഞനും. അതിനടുത്തായിട്ടുള്ള വൻ തരികളിൽ  സഞ്ചരിക്കുന്ന മണ്ണിര ചേട്ടന്റെ കൂട്ടുകാർ ഈ കാഴ്ച കണ്ടു. ആ വാർത്ത അതിവേഗം തന്നെ മണ്ണിരചേട്ടന്റെ ചെവിയിൽ മുഴങ്ങി. പാവം കുഞ്ഞിന് ഇത്രയും കാലം എന്റെ കൂടെയുണ്ടായിരുന്നു എന്തിനും ഏതിനും സഹായിച്ച എന്റെ പ്രിയ സുഹൃത്തേ എന്റെ പേര് ഞാൻ നെഞ്ചേറ്റി നടക്കും എന്ന വാക്കോടുകൂടി അവൻ ആകാശത്തു തന്നെ സുഹൃത്തിനെ നോക്കിക്കൊണ്ട് പൊട്ടിക്കരഞ്ഞു.

സത്യഹർഷ് സത്യേഷ് കുമാർ   5th


ഗാന്ധി ക്വിസ് വിജയികൾ
ഹൈസ്കൂൾ വിഭാഗം
1st : Sharon MV 9 D
2nd: Kirandev M 8 A


ഗാന്ധി ക്വിസ് വിജയികൾ
യു പി വിഭാഗം
1st: Ameya Vijay 7 C
2nd : Anushmika 6 B


ജനസംഖ്യാ ദിനം ക്വിസ് മത്സരം
യു പി വിഭാഗം
ഒന്നാം സ്ഥാനം
DHRUVATHA C M 6B &
ANUSHMIKA K V 6B
രണ്ടാം സ്ഥാനം
SREENANDA SANTHOSH &
ZANHA FATHIMA 7B


U 15 n 17 BD runner up in Kerala State
tournament MBA


KPRGS GHSS KALLIASSERI
WINNERS
1st:Devath Shaj VII B
2nd: Aravind Krishna VII B


KPRGS GHSS KALLIASSERI
WINNERS
1st : Mrithul E 8 B
2nd: Dhruv K 8 B

ആസ്വാദനക്കുറിപ്പ്

## ടോട്ടോചാൻ – തെത്സുകോ കുറോയാനഗി

പ്രശസ്ത ജപ്പാനീസ് എഴുത്തുകാരിയായ തെത്സുകോ കുറോയാനഗിയാണ് 'ടോട്ടോ –ചാൻ അഥവാ ജനാലയ്ക്കരികിലെ വികൃതിക്കുട്ടി ' എന്ന പുസ്തകം രചിച്ചത് . ജപ്പാനിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെട്ട ഈ പുസ്തകം മലയാളത്തിലേക്ക് തർജ്ജമ ചെയ്തത് അൻവർ അലി ആണ് . തെത് സുകോ തൻ്റെ മറക്കാനാവാത്ത കുട്ടിക്കാല അനുഭവങ്ങളെ അതിൻ്റെ നിഷ്ക്കളങ്കത ഒട്ടും ചോർന്നു. പോകാതെ തന്നെ ഈ പുസ്തകത്തിലൂടെ വരച്ചുകാട്ടുന്നു. വളരെ വികൃതിയായ ഒരു പെൺകുട്ടിയായിരിന്നു ടോട്ടോ . ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം നേടിയ ടോട്ടോയെ സ്കൂളിൽ നിന്നും പുറത്താക്കുന്നിടമാണ് . കഥയുടെ തുടക്കം മറ്റൊരു സ്കൂളിൽ നിന്നും സ്കൂളിലേക്ക് പ്രവേശനത്തിനായി സാധ്യത തേടി ടോട്ടയും അമ്മയും എത്തിയത് റ്റോമോ? എന്ന സ്കൂളിലായിരുന്നു. അവൾ ആദ്യം പഠിച്ച സ്കൂളിൽ നിന്നും തികച്ചും വ്യത്യസ്ത –മായിരുന്നു റ്റോമേ സ്കൂൾ. ഇരു വശവും കുറ്റൻ, മരങ്ങൾക്കൊണ്ട് നിർമ്മിച്ച മനോഹരമായി പ്രവേശനകവാടവും ട്രെയിൻ ബോഗികൾ പോലുള്ള ക്ലാസ്സ് മുറികളും വലിയ നീന്തൽ .കുളവും മനോഹരമായ പൂന്തോട്ടങ്ങളും ആ വിദ്യാലയത്തിലാകട്ടെ ആകെ അൻപതോ ആറുപതോ കുട്ടികൾ മാത്രം . അവർപാട്ടു പഠിച്ചു, കഥകൾ പഠിച്ചു, വിവിധതരം കളികളിലേർ 1 –പ്പെട്ടു, നാടകം അദിനയിച്ചു എന്തിനേറെ പറയുന്നു പാചകം വരെ ചെയ്തു. ആ സ്കൂളിലെ ഹെഡ് മാസ്റ്ററായിരുന്നു കൊബയാ –ക്ഷി മാസ്റ്റർ അദ്ദേഹം ടോട്ടോചാനെ കാണുമ്പോഴെല്ലാം നീയൊരു നല്ല കുട്ടിയാണ് എന്ന് ഓർമ്മിപ്പിക്കും . സ്നേഹനിധിയും ഭാവനാ ശിലനുമായിരുന്ന ഹെഡ്മാസ് റ്റർ ആയിരുന്നു അദ്ദേഹം അദ്ദേഹത്തിൻ്റെ പ്രിയപ്പെട്ട് ശിഷ്യനായും റ്റോമോ സ്കൂളിലെ മികച്ച ഒരു വിദ്യാർത്ഥിയുമായി ടോട്ടോ മാറുന്നു. ട്ടോട്ടോചാൻ അവളുടെ അമ്മ, നായയായ റോക്കു കൂട്ടുകാരായ മിയോചാനും സാക്കോ തുടങ്ങിയ നല്ല കഥാപാത്രങ്ങൾ ഈ പുസ്തകത്തിലുണ്ട് . കുട്ടികളെ വളരാൻ അനുവദിക്കണമെന്നും പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ അനുവദിക്കണമെന്നു ഈകഥയിലൂടെ കഥാക്കാരി നമ്മോടു പറയുന്നു. വായനക്കാരുടെ മനസ്സിൽ എക്കാലത്തും നിറഞ്ഞു നിൽക്കുന്ന ഒരുകഥാപാത്രമാണ് ടോട്ടോ. ഈ പുസ്തകം എല്ലവർക്കും വളരെ ഇഷ്ടപ്പെടും.

Name :– ആനയശ്രീ അനിൽ
Class :– 7–c


KPRGS GHSS KALLIASSERI
ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച് ഉപജില്ലാ തല ക്യാമ്പിൽ നിന്നും ജില്ലാ തല ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ
അവന്തിക
IX- C
ആർദ്ര പ്രമോദ്
IX- B
അഭിനന്ദനങ്ങൾ
സ്റ്റാഫ് & പി.ടി.എ




കെ പി ആർ ജി എസ് ജി എച്ച് എസ് എസ്
കല്യാശ്ശേരി
മൃദുൽ ഇ
VIII STD
ജില്ലാതല IT Quiz
( ഹൈസ്കൂൾ വിഭാഗം )
മൂന്നാം സ്ഥാനം







# മണ്ണുമാന്തി യന്ത്രം ചെയ്തത്

നല്ല നിലാവുള്ള രാത്രി കാടിൻറെ മധ്യത്തിൽ കൊച്ചു ചെടി മാത്രം ഉറങ്ങാതെ ഇരിക്കുന്നു. കൊച്ചു ചെടി ആകാശത്തെ നിലാവിനെയും താരങ്ങളെയും നോക്കിയിരിക്കുകയാണ്. പെട്ടെന്ന് ആ കൂരിരുട്ടിൽ ഭയങ്കരമായ പ്രകാശം വന്നു. കൊച്ചു ചെടിക്ക് കണ്ണുകൾ തുറക്കാൻ ആവുന്നില്ല. അത് അവനെ ഒഴിച്ച് മറ്റെല്ലാ ചെടികളെയും അതിൻറെ വലിയ കൈകൾ കൊണ്ട് കോരിയെടുത്തു. അത് കുറച്ച് പിന്നോട്ട് തിരിഞ്ഞപ്പോൾ അവൻ ആ വലിയ കൈയുള്ള ജീവിയെ കണ്ടു. അത് ഒരു മണ്ണുമാന്തി യന്ത്രം ആയിരുന്നു. അതിൻറെ പുകയിൽ അവൻ മയങ്ങി.



നല്ല മഴയ്ക്ക് ശേഷം വെയിൽ വന്നപ്പോഴാണ് കൊച്ചു ചെടി എഴുന്നേറ്റത്. അവൻ കണ്ണുതുറന്നതും അമ്പരന്നു പോയി. ചുറ്റിലും ഉണ്ടായിരുന്ന മരങ്ങൾ കാണാനില്ല. ചെടികൾ കാണാനില്ല. അവൻ ഒരു ചെടി മാത്രം. അവൻറെ ശരീരത്തിൻറെ ഒരു ഭാഗം ഒരു കൂറ്റൻ കെട്ടിടത്തിന്റെ അടിയിലാണ്. അവൻ ഒന്നുകൂടി ചുറ്റിലും കണ്ണോടിച്ചു. എല്ലായിടത്തും റോഡുകളും വാഹനങ്ങളും കെട്ടിടങ്ങളും മനുഷ്യരും മാത്രം. കൊച്ചു ചെടിക്ക് വിഷമം താങ്ങാൻ ആയില്ല. അവൻ തല താഴ്ത്തിയിട്ടു. പെട്ടെന്ന് ഒരു ഭീകര ശബ്ദം കേട്ട് അവൻ തലപൊക്കി. ഒരു വലിയ വാഹനത്തിൽ ചെടികളും പ്ലാസ്റ്റിക് ചെടികളും പ്ലാസ്റ്റിക് പുല്ലും കൊണ്ടുവരുന്നു. ചെടികളെ കണ്ടപ്പോൾ കൊച്ചു ചെടിക്ക് സന്തോഷമായി. പക്ഷേ, ചെടികൾ കെട്ടിടത്തിന് മുന്നിലായിരുന്നു വച്ചിരുന്നത്. കൊച്ചു ചെടി ഫ്ലാറ്റിന്റെ അറ്റത്തായിരുന്നു. അത് അവനെ വീണ്ടും ദുഃഖിതനാക്കി. പക്ഷേ ചെടികളെ അവൻ എത്തി വലിഞ്ഞു നോക്കി. പെട്ടെന്ന് എന്തോ ഭാരമുള്ള വസ്തു അവന്റെ പുറത്ത് വീണു. ആ ഭാരം അവന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. അവൻ പതിയെ താഴ്ന്ന താഴ്ന്ന പോയി. ആരോ "പ്ലാസ്റ്റിക് പുല്ല് " നേരെയിട്ടു എന്നൊക്കെ പറയുന്നത് കേട്ടു. അവൻ നിലവിളിച്ചു.," രക്ഷിക്കണേ...". ആ നിലവിളി ആരും കേട്ടില്ല. എല്ലാം അവസാനിച്ചു. ആ ചെടി മണ്ണിനടിയിലേക്ക് താഴ്ന്നുപോയി. ആരോ അവനെ ചവിട്ടി മെതിച്ചു. എങ്കിലും കൊച്ചു ചെടിയുടെ നൊമ്പരങ്ങൾ ഇപ്പോഴും അവശേഷിക്കുന്നു.

SARGA PRASAD 6B

# WORK EXPERIENCE





























## ഉമ്മാച്ചു
## ആസ്വാദനക്കുറിപ്പ്

ജീവിതത്തിൻ്റെ ആഴവും പരപ്പും കണ്ട സാഹിത്യകാരനായിരുന്നു 'ഉറൂബ്' അദ്ദേഹത്തിന്റെ ഏറെ പ്രസിദ്ധമായ ഒരു നോവലാണ് ഉമ്മാച്ചു. മായൻ, ഉമ്മാച്ചു, ബീരാൻ, ചാപ്പുണ്ണിനായർ, ചിന്നമ്മ, അഹമ്മദുണ്ണി എന്നിവരാണ് കേന്ദ്ര കഥാപാത്രങ്ങൾ. രൂപത്തിൽ ഐതിഹാസികയും ലയിച്ചുചേർന്നിട്ടുളള പുസ്തകം, ഏറെ ജനപ്രീതി നേടി.
മലബാറിലെ ഹിന്ദു മുസ്‌ലിം ജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത കഥയാണ് ഉമ്മാച്ചുവിലേത്. മായന്റെയും ഉമ്മാച്ചുവിൻ്റെയും പ്രണയ ജീവിതമാണ് ഇതിവൃത്തം. ഉമ്മാച്ചുവുമായുള്ള പ്രണയബന്ധത്തിന് തടസ്സം നിന്ന അഹമ്മദുണ്ണിയെ അടിച്ചുവീഴ്ത്തി മായൻ വയനാടിലേക്ക് ചേറിയതോടെ കഥയുടെ വഴിതിരിവ് ആരംഭിക്കുകയാണ് അഹമ്മദുണ്ണിയുടെ മരണത്തിൽ നിരപരാധിത്വം തെളിഞ്ഞ് മായൻ നാട്ടിലേക്ക് തിരിച്ചത്തിയപ്പോഴേക്കും ബീരനുമായുള്ള ഉമ്മാച്ചുവിൻ്റെ വിവാഹം കഴിഞ്ഞിരുന്നു. അവർക്കുണ്ടായ കുട്ടിയാണ് അബ്ദു നാളുകൾക്കുശേഷമയനും ഉമ്മാച്ചുവും കണ്ടുമുട്ടിയപോൾ അവരുടെ പ്രണയം ഒന്നുകൂടി തളിർത്തുകിടപ്പുമുറിയിൽ വച്ച് ബീരനെ കൊന്നുകൊണ്ട് മായൻ ഉമ്മാച്ചുവിനെ സ്വന്തമാക്കി. അവർ തമ്മിലുള്ള വിവാഹബന്ധത്തിലൂടെ മരക്കാർ, ഹൈദ്രോസ് എന്നീ രണ്ടുമക്കൾ ജനിക്കുക ചെയ്തു. എന്നാൽ അബ്ദുവിന് മായനോട്. വെറുപ്പായിരുന്നു. സ്വന്തം വീട്ടിൽ ഒറ്റപ്പെട്ടുകഴിഞ്ഞിരുന്ന ഉമ്മയോട് മാത്രം വല്ലപ്പോഴും സംസാരിച്ചു അബ്ദു. ഉമ്മയോട് മാത്രം വല്ലപോഴും സാസാരിച്ചിരുന്ന അബ്ദു വിൻ്റെ കൂട്ട് ചാപ്പുണ്ണിനായരുടെ മകൾ ചിന്നമ്മു ആയിരുന്നു. വയനാടിൽ ബിസിനസ്സ് ചെയ്യുകയും നാട്ടിൽ ഉമ്മാച്ചുവിൻ്റെ സ്വത്ത് നോക്കി നടത്തിയും ആയിരുന്നു മായൻ കഴിഞ്ഞിരുന്നത്. മായനെ വെറുക്കുകയും ചാപ്പുണ്ണിയെ രക്ഷിതാവിൻ്റെ സ്ഥാനത്തും കണ്ടു. എന്നാൽ തൻ്റെ മകൾക്കും അബ്ദുനുമിടയിൽ പ്രണയം ഉടലെടുത്ത കാരണത്താൽ അബ്ദുവിനും ചാപ്പുണ്ണിക്കുമിടയിൽ അകൽച്ച വരികയും ചെയ്യുന്നു. ഏറെ  സങ്കർഷങ്ങൾക്കിടയിലും ബന്ധങ്ങളുടെ  കെട്ടുറപ്പിനിടയിലും അഗാധമായി ആഴ്ന്നിറങ്ങിയ ചാപ്പുണ്ണിക്ക് താൻ ഒരു മുത്തശ്ശനാകുന്ന സാഷ വാർത്തയോടെയാണ് കഥ അവസാനിക്കുന്നത്. വളരെ ഹൃദയസപർശിയായ 'ഉമ്മാച്ചു' l വായിക്കുന്ന ഓരോ മനുഷ്യരുടെ മനസ്സിലും വളരെ ആഴത്തിൽ സ്വാധീനം ചെലത്തുന്നു. പ്രണയബന്ധങ്ങ lൾക്ക് വളരെ ആഴത്തിൽ മുറിവേൽപ്പിക്കാനും ജീവിക്കാനുള്ള ഇന്ധനമാകുമെന്നും കാണിച്ചു തരുന്ന ഈ ഹൃദയങ്കാരിയായ നോവൽ ആണ് 'ഉമ്മാച്ചു',

Name :- അഞ്ചിമ.എ
Class :- 8-c

# ചിത്ര ജാലകം



സാത്വിക് സത്യേഷ് കുമാർ











# अकेलापन

आज फिर इस भीड़ में अकेली
आज फिर सबके साथ होकर भी
एकदम अकेली ।
लोगों की संख्या से क्या फर्क पड़ता है ?
क्या फर्क पड़ता है जाननेवाला है या अनजान ?
क्या फर्क पड़ता है दोस्त है या दुश्मन ?

पता है कैसा लगता है अकेला पड़ जाना
सबके साथ होकर भी खुद को अकेला पाना ?
सब की बातों में होकर भी , कहीं और ही रह जाना
अपनों के साथ होकर भी , अनजान रहना
पता है कैसा लगता है अकेलापन ?

एक वक्त था जब सबसे ज्यादा बातें करती थी ।
अब एक वक्त है किसी से बातें ही नहीं करती ।
एक वक्त था जब सबसे ज्यादा बातें हमारी होती ।
अब ऐसा वक्त है किसी को पता ही नहीं कि हम कौन हैं ?

अपने आप को सबके बीच अकेला पाना ,
अपने आप से जबरदस्ती करना ,
अपनी ही नजरों में गिर जाना ,
ऐसा लगता है जैसे सबसे गलत और सबसे बुरे तुम ही हो ?

ये सारी बातें मन में बस रह जाती हैं।
ये सारी बातें कह कर भी अनकही रह जाती है
ये सारी बातें सुनकर भी अनसुनी रह जाती है
ये सारी बातें सिर्फ बातें में रह जाती है
फिर भीड में बस अकेला ही रह जाता हूं।

TULSI 10C

# ആശംസകളോടെ



NCC



SPC



JRC

ഡിജിറ്റൽ മാഗസിൻ നിർമ്മാണവുമായി സഹകരിച്ച

സ്കൂൾ മേലധികാരികൾക്ക് ..........

സ്കൂൾ അധ്യാപകർക്ക് .............

സ്കൂൾ പി ടി എ ഭാരവാഹികൾക്ക് ...........

സ്കൂൾ കുട്ടികൾക്ക് .......

എല്ലാവർക്കും

# നന്ദി

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ.. ഷെമിത്ത് കെ

ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്സ്... ലസീന എം പി